കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര വാർത്താ പത്രിക

പുസ്തകം 3 | ലക്കം 15 | നവംബർ 15, 2018

അകത്താളുകളിൽ

3 ഒരു കോടി പച്ചക്കറി തൈകൾ വിതരണം ചെയ്യുന്ന പുനർജ്ജനി പദ്ധതിയ്ക്ക് തുടക്കം കുറിച്ചു.

8 പ്രകൃതി സന്തുലനത്തിന്റെ ആഹ്വാനമരുളി ഹരിതവിദ്യാലയപ്രഖ്യാപനം

## പുനർജനി പദ്ധതിക്ക് കോട്ടയത്ത് തുടക്കം കുറിച്ചു

പ്രളയക്കെടുതി നാശംവിതച്ച കേരളത്തിന്റെ കാർഷികമേഖലയെ കൃത്യമായ ശാസ്ത്രീയ സമീപനത്തിലൂടെ പുന:സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പുനർജ്ജനി പദ്ധതിയ്ക്ക് കോട്ടയം ജില്ലയിൽ തുടക്കം കുറിച്ചു. മണ്ണിന് സംഭവിച്ചിരിക്കുന്ന ഗുരുതരമായ മാറ്റങ്ങളായ അധിക അമ്ലത, സൂഷ്മ മൂലകക്കുറവ് എന്നിവ പരിഹരിച്ച് മണ്ണിന്റെ ജീവൻ തിരിച്ചുകൊണ്ട് വരുന്നതിനായി കൃഷിവകുപ്പ്, കാർഷിക സർവ്വകലാശാല, കാർഷിക കർമ്മസേനകൾ, കുടുംബശ്രീ എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുകയും ശാസ്ത്രീയ പരിപാലനമുറകൾ നിർദ്ദേശിച്ച് കർഷകരുടെ സാന്നിദ്ധ്യത്തിൽ അവ കാണിച്ചുകൊടുത്ത് അവരെ ബോധവല്ക്കരിക്കുകയും നടീൽ വസ്തുക്കൾ, കുമ്മായം, ജൈവവളം എന്നിവ നല്കിക്കൊണ്ട് കർഷകർക്കൊരു കൈത്താങ്ങാകുന്ന പദ്ധതിയാണ് പുനർജ്ജനി. പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി ശ്രീ. വി.എസ്.സുനിൽകുമാർ നിർവ്വഹിച്ചു. ജില്ലയിൽ ഏറ്റവും അധികം നാശനഷ്ടങ്ങൾ ഉണ്ടായ മറവൻ തുരുത്തിലാണ് പദ്ധതിയ്ക്ക് തുടക്കംകുറിച്ചത്. ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും കൃഷി ഓഫീസർമാരുടെ നേതൃത്വത്തിൽ ഇതിന്റെ തുടർ പ്രവർത്തനങ്ങൾ നടത്തണമെന്നും അദ്ദേഹം പറഞ്ഞു. പ്രളയം കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് 19000 കോടിരൂപയുടെ നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. കേന്ദ്രസർക്കാരുമായി നടത്തിയ ചർച്ചയുടെ ഭാഗമായി 2019 മാർച്ച് 31 വരെ തൊഴിലുറപ്പ് ദിനങ്ങൾ 100 ൽ നിന്നും 150 ആക്കി വർദ്ധിപ്പിക്കുകയും കാർഷികമേഖലയിലുംതൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്താമെന്നും നിർദ്ദേശിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. പഞ്ചായത്തിന്റെ കാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ കൃഷിവകുപ്പ് പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പാക്കാൻ കൃഷിവകുപ്പ് ഉദ്യോഗസ്ഥരോട് മന്ത്രി നിർദ്ദേശിച്ചു. നഷ്ടപ്പെട്ടുപോയ കൃഷിയെ തിരിച്ചുകൊണ്ടുവരുന്നതിനായി സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ വഴി 100 കോടിരൂപയുടെ പദ്ധതി നടപ്പിലാക്കുമെന്നും മന്ത്രി അറിയിച്ചു. പ്രളയത്തെ കേരളജനത ഒറ്റക്കെട്ടായി നേരിട്ടുവെന്നും പുതിയ കേരളം സൃഷ്ടിക്കൽ നമ്മളോരോരുത്തരുടേയും ഉത്തരവാദിത്വമാണെന്നും മുഖ്യമന്ത്രി പ്രഖ്യാപിച്ച നവകേരള സൃഷ്ടിക്കുവേണ്ടി ജനകീയ മുന്നേറ്റം ആവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.



ശ്രീമതി സി.കെ. ആശ എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ ഇടവട്ടംവാക്കയിൽ ക്ഷേത്ര മൈതാനത്ത് വച്ച് നടന്ന ചടങ്ങ് വളരെ ലളിതവും ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ചുമാണ് സംഘടിപ്പിച്ചത്. പ്ലാവിൻ തൈ നട്ടും ചേനയിൽ നിർമ്മിച്ച വിളക്ക് കൊളുത്തിയുമാണ് മന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചത്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എം.വൈ. ജയകുമാരി, മറവൻ തുരുത്ത് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.വി.ഹരിക്കുട്ടൻ, ഉദയനാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.എസ്.മോഹനൻ, കൃഷിവകുപ്പ് ഡയറക്ടർ ഡോ. പി.കെ.ജയശ്രീ. ഐ.എ.എസ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി റജിമോൾ മാത്യൂ എന്നിവർ സംബന്ധിച്ചു.

# സംസ്ഥാന കർഷക പുരസ്കാരത്തിന് പകിട്ടേകാൻ കാനായികുഞ്ഞിരാമന്റെ ശില്പം



ഈ വർഷം മുതൽ സംസ്ഥാന കർഷക അവാർഡ് ജേതാക്കളാകുന്നവർക്ക് ശ്രീ. കാനായി കുഞ്ഞിരാമൻ രൂപകല്പന ചെയ്ത പിത്തളയിൽ നിർമ്മിച്ച കലപ്പ പുരസ്കാരമായി നല്കുമെന്ന് കാർഷികവികസന കർഷക ക്ഷേമവകുപ്പ് മന്ത്രി ശ്രീ. വി.എസ്. സുനിൽകുമാർ പറഞ്ഞു. തൃശൂർ ജില്ലാ കൃഷി ഓഫീസിൽ ആരംഭിച്ച മട്ടുപ്പാവ് കൃഷിയുടേയും സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബിന്റേയും ഉദ്ഘാടനവും സംസ്ഥാന അവാർഡിന് അർഹരായ ജില്ലയിലെ കർഷകർക്കുള്ള പുരസ്കാര വിതരണവും നടത്തി സംസാരിക്കുകയായിരുന്നു മന്ത്രി. ഡിസംബർ 27 ന് തൃശൂരിൽവച്ച് നടക്കുന്ന വൈഗ 2018 ൽ വച്ചാണ്സംസ്ഥാന കർഷക അവാർഡുകൾ വിതരണം ചെയ്യുന്നത്. കാർഷിക സെമിനാറുകൾ, സാങ്കേതിക അറിവുകളുടെ പ്രചാരണം, അന്താരാഷ്ട്ര വ്യക്തിത്വങ്ങളുമായുള്ള കൂടിക്കാഴ്ച എന്നിവയെല്ലാമാണ് വൈഗ 2018 ലൂടെഉദ്ദേശിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. പ്രളയത്തിൽഏറ്റവുമധികം നാശനഷ്ടങ്ങൾസംഭവിച്ച സുഗന്ധവ്യഞ്ജനങ്ങൾ, പച്ചക്കറികൾ, പൂക്കൾ എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കും വൈഗ സംഘടിപ്പിക്കപ്പെടുന്നത്. പ്രവേശന ടിക്കറ്റിലൂടെ സമാഹരിക്കുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നല്കും. വിദ്യാർത്ഥികൾക്ക് പ്രവേശനം സൗജന്യമായിരിക്കുമെന്നും മന്ത്രി അറിയിച്ചു. ഇതിന്റെ ഭാഗമായി തയ്യാറാക്കുന്ന 300 ഓളംസ്റ്റാളുകൾ മൂല്യവർദ്ധിത ഉല്പന്നങ്ങൾ, ആധുനിക യന്ത്രങ്ങൾ, സാങ്കേതികവിദ്യകൾ എന്നിവയുമായി ബന്ധപ്പെട്ടുള്ള അറിവുകൾ പകർന്ന് നല്കുന്നവയായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ജില്ലയിലെ പ്രളയബാധിതരായ കർഷകർക്ക് ദുരിതാശ്വാസ ഫണ്ട് സമയബന്ധിതമായി വിതരണം ചെയ്ത് പൂർത്തിയാക്കിയ കൃഷിഉദ്യോഗസ്ഥരെ മന്ത്രി അഭിനന്ദിച്ചു. വിവിധ കർഷക അവാർഡുകളായ ഉദ്യാനശ്രേഷ്ഠ പുരസ്കാരം ശ്രീ. സി.ജെ.വർക്കിക്കും, ക്ഷോണീമിത്ര പുരസ്കാരം ശ്രീ. വർഗീസ്തരകനും, ശ്രമശക്തി അവാർഡ് ശ്രീമതി സംഗീത മണിക്കുട്ടനും, കർഷകജ്യോതി പുരസ്കാരം ശ്രീ. വി.വി. ശശിയ്ക്കും, മികച്ച ആദിവാസി ഊരിനുള്ള അവാർഡ് വെറ്റിലപ്പാറയിലെ മലയൻ ഗോത്രസഭയ്ക്കുംമന്ത്രി വിതരണംചെയ്തു.

ഉദ്യാനശ്രേഷ്ഠ ശ്രീ. സി.ജെ.വർക്കിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ ജില്ലാകൃഷിഓഫീസർ ശ്രീമതി എ.കല, ആത്മ പ്രൊജക്ട് ഡയറക്ടർ ശ്രീമതി അനിതശിവരാമൻ എന്നിവർ സംസാരിച്ചു.

# കണ്ണൂർ ജില്ല – പുനർജനി



സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെയും കണ്ണൂർ ആത്മയുടെയും ആഭിമുഖ്യത്തിൽ കാർഷിക മേഖലയുടെ പ്രളയാനന്തര പുനരുജ്ജീവനവും പുനരുദ്ധാരണവും സംബന്ധിച്ച കണ്ണൂർ ജില്ലാതല ദ്വിദിന കർമ്മ പരിപാടി 'പുനർജനി' കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി ശ്രീ. വി. എസ്. സുനിൽകുമാർ കൊട്ടിയൂരിൽ പ്രളയബാധിത പ്രദേശത്ത് വാഴക്കന്നും പച്ചക്കറിതൈയും നട്ട് ഉദ്ഘാടനം ചെയ്തു. പേരാവൂർ എം. എൽ. എ. അഡ്വ. സണ്ണി ജോസഫ് അദ്ധ്യക്ഷനായിരുന്നു. കാർഷിക മേഖലയുടെ പുനരുജ്ജീവനം സംബന്ധിച്ച കാർഷിക സെമിനാറും ഇതിനോടനുബന്ധിച്ച് നടത്തി.

# ഒരു കോടി പച്ചക്കറി തൈകൾ വിതരണം ചെയ്യുന്ന പുനർജ്ജനി പദ്ധതിയ്ക്ക് തുടക്കം കുറിച്ചു.



പ്രളയാനന്തര കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനുമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന സൗജന്യ പച്ചക്കറി തൈ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി ശ്രീ. വി.സ് സുനിൽകുമാർ തിരുവനന്തപുരം കുടപ്പനക്കുന്ന് കൃഷി ഭവൻ അങ്കണത്തിൽ നിർവ്വഹിക്കുകയുണ്ടായി. തിരുവനന്തപുരം നഗരസഭ ഡെപ്യൂട്ടി മേയർ അഡ്വ. രാഖി രവികുമാർ ചടങ്ങിൽ അദ്ധ്യക്ഷം വഹിച്ചു.



പ്രളയത്തെത്തുടർന്ന് 19000 കോടി രൂപയുടെ നാശനഷ്ടമാണ് കാർഷിക മേഖലയിൽ സംഭവിച്ചിട്ടുള്ള തെന്ന് മന്ത്രി പറയുകയുണ്ടായി. ഇതിൽ നിന്നും കരകയറുന്നതിനുള്ള അതി ജീവന പദ്ധതികൾ വളരെ വേഗം തന്നെ കാർഷിക മേഖലയിൽ ആരംഭിച്ചിട്ടുണ്ട്. കുട്ടനാട് മേഖലകളിൽ അയ്യായിരം ഹെക്ടർ അധികസ്ഥലത്ത് പുഞ്ചക്കൃഷി തുടങ്ങിക്കഴിഞ്ഞു. ഓപ്പറേഷൻ കോൾഡബിളിന്റെ ഭാഗമായി തൃശ്ശൂർ കോൾ മേഖലകളിൽ 10000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കാർഷിക അഭിവൃദ്ധിയിലേക്കുള്ള ഒട്ടനവധി പ്രവർത്തികൾ ഇതിനകം തന്നെ തുടങ്ങാൻ കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്താകെ ഒരു കോടി ടിഷ്യൂകൾച്ചർ വാഴത്തൈകൾ പ്രതിവർഷം ഉത്പാദനം നടത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ ആരംഭിപ്പിച്ചിട്ടുണ്ട്.

കൃഷി വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീമതി സിസിലിയ മാർഗ്രറ്റ് ചടങ്ങിന് സ്വാഗതം പറഞ്ഞു. വാർഡ് കൗൺസിലർമാരായ ശ്രീ. വി.കൃഷ്ണൻകുട്ടി നായർ, ശ്രീമതി അനിത.എസ്, ആർ.ദിനേശ്കുമാർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി രേഖ.വി.ആർ, ജോയിന്റ് ഡയറക്ടർ, ശ്രീമതി ബ്രെൻഡ.വി.എ എന്നിവർ ചടങ്ങിൽ സംസാരിച്ചു. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ആന്റണി റോസ് ചടങ്ങിന് നന്ദിയും അറിയിച്ചു.

# പൊക്കാളിക്കൃഷിയുടെ സംരക്ഷണത്തിന് സർക്കാർ അതീവ പ്രാധാന്യം നല്കും :കൃഷിമന്ത്രി



എറണാകുളം, തൃശൂർ ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന പൊക്കാളിക്കൃഷി പരമ്പരാഗത രീതിയിൽ സംരക്ഷിക്കപ്പെടേണ്ടതാണെന്നും സർക്കാർ അതീവ പ്രാധാന്യം നല്കിത്തന്നെ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും കാർഷികവികസന കർഷക ക്ഷേമവകുപ്പ് മന്ത്രി ശ്രീ. വി.എസ്.സുനിൽകുമാർ പറഞ്ഞു. രാഷ്ട്രീയ കൃഷിവികാസ്‌യോജന പദ്ധതി പ്രകാരം ഏഴിക്കര ഗ്രാമപഞ്ചായത്തിൽ പൊക്കാളി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനാർത്ഥം നിർമ്മിക്കുന്ന വിവിധ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. പൊക്കാളി പാടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തിരം പുത്തന്തോട് സൗത്ത്, കുഴിവേലിത്തോട് എന്നിവയുടെ പുറംബണ്ടുകൾ നിർമ്മിക്കുന്നതിനായി 2.15 കോടി രൂപയാണ് കൃഷിവകുപ്പ് അനുവദിച്ചിരിക്കുന്നത്. പൊക്കാളിപ്പാടശേഖരങ്ങളിൽ നെല്ക്യഷിചെയ്യാതെ മീൻ മാത്രം കൃഷി ചെയ്യുന്നവർക്ക് ലൈസൻസ് നല്കില്ലെന്നും മന്ത്രി പറഞ്ഞു. നെല്ലും മീനും ഒരുമിച്ച് കൊണ്ടുപോകാൻ സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും നെല്ലും മീനും ശാസ്ത്രീയമായി നടത്തുകയാണെങ്കിൽ വിജയകരമായി നടത്തുവാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു. പൊക്കാളിക്കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 48 കോടിരൂപ മുതൽമുടക്കിൽ ജൈവ വൈപ്പിൻ പദ്ധതി ആരംഭിക്കും. ലോകത്ത് ആദ്യമായി ജൈവപരിപാലന രീതിയിൽ വികസിപ്പിച്ച എഴോം 1 എന്ന നെൽ വിത്ത്ഹെക്ടറിന് 6 ടൺ വിളവ് നൽകുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

ശ്രീ. വി.ഡി.സതീശൻ എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്ക് മന്ദിരത്തിൽ നടന്ന ചടങ്ങിൽ മുൻ എം.എൽ.എ. ശ്രീ. പി.രാജു, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. യേശുദാസ് പറപ്പിള്ളി, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പി.എ.ചന്ദ്രിക, കെ.എൽ.ഡി.സി മാനേജിംഗ്ഡയറക്ടർ ശ്രീ. പി.എസ്.രാജീവ്, ചെയർമാൻ ശ്രീ. ടി.പുരുഷോത്തമൻ, കൺസ്ട്രക്ഷൻ എഞ്ചിനീയർ ശ്രീമതി ബിസ്നി രാമചന്ദ്രൻ, പൊക്കാളി നിലവികസന ഏജൻസി ചെയർമാൻ ശ്രീ. കെ.എം.ദിനകരൻ എന്നിവർ സംബന്ധിച്ചു.

---

കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രം, നാളികേര വികസന ബോർഡ്, കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ചാവക്കാട്- തളിക്കുളം ബ്ലോക്ക് , എന്നിവരുടെ സംയുക്തനേതൃത്വത്തിൽ സംഘടിപ്പിച്ച ശാസ്ത്രീയ തെങ്ങ് കൃഷി പരിപാലനവും നാളികേര മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണവും എന്ന സെമിനാർ തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡ് ഡോ. സുഭാഷിണി മഹാദേവൻ ഉദ്ഘാടനം ചെയ്തു. തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡ് ശ്രീ. ഇ. കെ. ശശികുമാർ അദ്ധ്യക്ഷനായി. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കാലോചിതമായ സംസ്ക്കരണവും വിപണനവുമാണ് ഈ ക്ലാസ്സിൽ അവതരിപ്പിച്ചത്. കാർഷിക മേഖല താളം തെറ്റിയ വർത്തമാനകാലത്ത് കേരകർഷകനെ ബോധവൽക്കരിക്കാനും നാളികേര ഉത്പാദന ക്ഷമത വർദ്ധിപ്പിക്കാനും കൂടിയാണ് ക്ലാസ്സ് സംഘടിപ്പിച്ചത്. ഡോ. പി. മുരളീധരൻ (പ്രിൻസിപ്പൽ സയന്റിസ്റ്റ് & ഹെഡ് , കൃഷി വിജ്ഞാന കേന്ദ്രം, ആലപ്പുഴ), ഡോ. സുധീർ കെ.പി (പ്രൊഫസർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ) എന്നിവർ സെമിനാറിന് നേതൃത്വം കൊടുത്തു. ഡോ.എ. പ്രേമ, പ്രൊഫസർ & ഹെഡ്, കൃഷി വിജ്ഞാന കേന്ദ്രം, തൃശ്ശൂർ ആമുഖ പ്രഭാഷണം നടത്തി. ശ്രീമതി സുലേഖ ജമാലു, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ ശ്രീമതി ലീന രാമനാഥൻ, ശ്രീമതി രജനി ബാബു എന്നിവർ സംസാരിച്ചു. തളിക്കുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ശ്രീ. ജോസഫ് ജോഷി വർഗ്ഗീസ് സ്വാഗതവും തളിക്കുളം കൃഷി ഓഫീസർ ശ്രീമതി രമ്യ വി.എം നന്ദിയും പറഞ്ഞു.



# പ്രതിവർഷം ഒരു കോടി ടിഷ്യുകൾച്ചർ വാഴത്തൈകൾ സർക്കാർ മേഖലയിൽ ഉത്പാദിപ്പിക്കും : കൃഷിമന്ത്രി



സംസ്ഥാനത്തു ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ആവശ്യത്തിനനുസരിച്ചുള്ള പൂർണ്ണമായ ഉത്പാദനം സർക്കാർ മേഖലയിൽ സാധ്യമാക്കുമെന്ന് കൃഷിമന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ അഭിപ്രായപ്പെട്ടു. ബയോടെക്നോളജി സാങ്കേതികവിദ്യ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് കർഷകർക്കാവശ്യമായ തൈകൾ സംസ്ഥാനത്തുതന്നെ ഉത്പാദിപ്പിക്കും. കൃഷിവകുപ്പിന്റെ കീഴിൽ ടിഷ്യൂകൾച്ചർ തൈകളുടെ ഉത്പാദന വിപണനത്തിനായി തിരുവനന്തപുരം കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന സ്ഥാപനമായ ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്ററിൽ ലാബ് നവീകരണത്തിന്റെയും നൂതന കാർഷിക പരിശീലന കേന്ദ്രത്തിന്റെയും ശിലാസ്ഥാപന കർമ്മം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. സഹകരണ-ടൂറിസം മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

സ്ഥാപനത്ത് നിലവിലെ പ്രതിവർഷ ഉത്പാദനമായ 10 ലക്ഷം തൈകൾ എന്നതിൽ നിന്നും 30 ലക്ഷമായി ഉയർത്തുകയും കൂടുതൽ തൊഴിലവസരങ്ങൾ മേഖലയിൽ സൃഷ്ടിക്കുകയുമാണ് ലക്ഷ്യമെന്നും കൃഷിമന്ത്രി അഭിപ്രായപ്പെട്ടു. ഏകദേശം 44 ഇനം വാഴയുടെ തൈകൾ, അലങ്കാര ചെടികളായ ഓർക്കിഡ്, ആന്തൂറിയം, ഔഷധസസ്യമായ കറ്റാർവാഴ എന്നിവ നിലവിൽ ലാബിൽ ഉത്പാദിപ്പിച്ചു വിതരണം ചെയ്യുന്നു. ഇതിനുപുറമേ ടിഷ്യൂകൾച്ചർ സാങ്കേതികവിദ്യയിൽ ആറു മാസം ദൈർഘ്യമുള്ള പരിശീലനവും ഇവിടെ നൽകി വരുന്നു. സംരംഭകത്വ പരിശീലനം ഈ മേഖലയിൽ തുടങ്ങുന്നതിന് ലക്ഷ്യമിടുന്നുണ്ട്. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ടിഷ്യൂകൾച്ചർ തെങ്ങിൻ തൈകളുടെ ഉത്പാദന സാധ്യതാ പഠനവും പരിഗണനയിലുള്ളതായി മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് നാളികേര വികസന കൗൺസിൽ രൂപീകരിക്കുന്നതിന് മന്ത്രിസഭായോഗം തീരുമാനമെടുത്തതായും കൃഷിമന്ത്രി അറിയിച്ചു.

2002 ൽ ഉത്പാദനവിപണനം ആരംഭിച്ച ലാബിന് കൂടുതൽ വികസന പ്രവർത്തനങ്ങൾ സാധ്യമാക്കുവാൻ കഴിയുമെന്നും അതു പ്രയോജനപ്പെടുത്തണമെന്നും അദ്ധ്യക്ഷപ്രസംഗത്തിൽ മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ സൂചിപ്പിച്ചു. അഡീഷണൽ ഡയറക്ടർ ശ്രീമതി മല്ലിക വി. ചടങ്ങിന് സ്വാഗതവും ബി.എം.എഫ്.സി. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ശ്രീകല. എസ്. റിപ്പോർട്ട് അവതരണവും നടത്തി. കഴക്കൂട്ടം സി.പി.ഐ. മണ്ഡലം സെക്രട്ടറി ശ്രീ. ചന്തവിള മധു, ഇന്ത്യൻ നാഷണൽ കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റ് ശ്രീ. അണ്ടൂർക്കോണം സനൽകുമാർ തുടങ്ങിയവർ പങ്കെടുത്തു. കൃഷി ജോയിന്റ് ഡയറക്ടർ ശ്രീമതി ബ്രിന്റ വാലന്റീന അരാന്റ നന്ദിയും രേഖപ്പെടുത്തി.



# തോട്ടറ പുഞ്ചയുടെ കൃഷിവ്യാപനത്തിന് തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തണം : കൃഷിമന്ത്രി.

പ്രളയാനന്തര കേരളത്തെ കെട്ടിപ്പടുക്കന്നതിന് തൊഴിലുറപ്പ് പദ്ധതിയിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് കാർഷികവികസന കർഷകക്ഷേമ വകുപ്പ് മന്ത്രി ശ്രീ. വി.എസ്.സുനിൽകുമാർ പറഞ്ഞു. ആമ്പല്ലൂർ പഞ്ചായത്ത് കാഞ്ഞിരമറ്റത്ത് ആരംഭിച്ച അഗ്രോമാർട്ടിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതിനായി തൊഴിലുറപ്പ് ദിനങ്ങൾ 100 ൽ നിന്നും 150 ആയി വർദ്ധിപ്പിക്കുകയും കാർഷിക പ്രവർത്തികളും ഇതിന്റെ ഭാഗമാക്കിമാറ്റുകയും ചെയ്തിട്ടുണ്ടെന്നുംഅദ്ദേഹം പറഞ്ഞു. അടിയന്തിരമായി ഗ്രാമ പഞ്ചായത്തും കൃഷിവകുപ്പ് ഉദ്യോഗസ്ഥരും ചർച്ച ചെയ്ത് തോട്ടറ പുഞ്ചയുടെ കൃഷി വ്യാപനത്തിന് ഈ ആനുകൂല്യങ്ങൾ പ്രയോജനപ്രദമാക്കണമെന്നും പഞ്ചായത്ത്കൃത്യമായി പരിശോധനകൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. കാർഷിക പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി അഗ്രോമാർട്ട് പ്രയോജനപ്പെടുത്തണമെന്നുംഅദ്ദേഹം പറഞ്ഞു. കാർഷികമേഖലയുടെ പുനഃസൃഷ്ടികായി നടപ്പിലാക്കുന്ന പുനർജ്ജനി പദ്ധതി എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കണമെന്ന് കൃഷി ഉദ്യോഗസ്ഥരോട് മന്ത്രി നിർദ്ദേശിച്ചു. കർഷകർക്കായുള്ള കാർഷികവായ്പ വൻതോതിൽ ദുരുപയോഗപ്പെടുത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു. പഞ്ചായത്തിലെ എല്ലാകർഷകരുടേയും എല്ലാ വിളകളും വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമാക്കി മാറ്റുവാനുള്ള നടപടികൾ ഉദ്യോഗസ്ഥർ സ്വീകരിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.



ശ്രീ. അനൂപ്ജേക്കബ് എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജയാ സോമൻ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജലജമോഹനൻ, ജില്ലാ പഞ്ചായത്തംഗം ശ്രീ. എ.പി.സുഭാഷ്, പ്രിൻസിപ്പൽ കൃഷിഓഫീസർ ശ്രീമതി ആശ രവി, കെ.എൽ.ഡി.സി ചെയർമാൻ ശ്രീ. ടി. പുരുഷോത്തമൻ, മാനേജിംഗ് ഡയറക്ടർ ശ്രീ. പി.എസ്.രാജീവ്, പഞ്ചായത്ത് സെക്രട്ടറി ശ്രീമതി ബി.സമീന, വിവിധ ജനപ്രതിനിധികൾ, രാഷ്ട്രീയ കക്ഷി നേതാക്കൾ എന്നിവർ സംബന്ധിച്ചു.

# പാലക്കാട് ജില്ലാ പുനർജ്ജനിക്ക് തുടക്കമായി

പ്രളയാനന്തര കാർഷിക മേഖലയുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും ലക്ഷ്യമാക്കി സംസ്ഥാന കൃഷിവകുപ്പ് നടപ്പിലാക്കി വരുന്ന പുനർജ്ജനി പദ്ധതിയുടെ പാലക്കാട് ജില്ലാതല ഉദ്ഘാടനം കഴിഞ്ഞ ആഗസ്റ്റ് 8 ന് മലമ്പുഴ അടുപ്പുകൂട്ടി മലയിൽ ഉണ്ടായ മണ്ണിടിച്ചലിന്റെ ഭാഗമായി മണൽതിട്ട രൂപപ്പെട്ട പർച്ചാത്തിയിൽ ജലനിർഗ്ഗമന മാർഗ്ഗമായ തോട് പുനർനിർമ്മിച്ചു കൊണ്ട് ജില്ലയിലെ കൃഷി ഉദ്യോഗസ്ഥരും തൊഴിലുറപ്പ് പ്രവർത്തകരും കൂടി കൃഷിയിറക്കുന്നതിന്റെ തുടക്കം കുറിക്കൽ ബഹു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി ശ്രീ. വി. എസ് സുനിൽകുമാർ നിർവ്വഹിച്ചു. കഴിഞ്ഞ മാഹാപ്രളയത്തിൽ ഉണ്ടായ നഷ്ടവും ദുരന്തവും വിവരിക്കാനാകാത്ത വിധം പ്രയാസം അനുഭവിച്ചവരാണ് നമ്മളെന്നും, കേരളത്തിന്റെ ഒരോ മേഖലയിലും ഉണ്ടായ നഷ്ടങ്ങൾ വിലയിരുത്തിയ ഐക്യരാഷ്ട്രസഭ തന്നെ മുപ്പൊത്തൊന്നായിരം കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കപ്പെട്ടത്, വിള നാശം, ഭൂമി മാറ്റം, ചില സ്ഥലങ്ങളിൽ കൃഷിയിടങ്ങൾ ഒലിച്ച് പോയിട്ടുണ്ട് ഇതിൽ നിന്ന് തിരിച്ച് കയറാനുള്ള ഒരു ഉദ്യമമാണ് പുനർജ്ജനിയെന്നും മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

മലമ്പുഴ ബ്ലോക്കിലെ മലമ്പുഴ കൃഷി ഭവന്റെ പരിധിയിൽ ഉള്ള പർച്ചാത്തി എന്ന സ്ഥലം. 2 ഏക്കർ വരുന്ന തെങ്ങ്, റബ്ബർ, വാഴ എന്നിവ ഉണ്ടായിരുന്ന കൃഷിയിടം ഉരുൾപൊട്ടൽ കാരണം ഏകദേശം 6 അടി കനത്തിൽ മണ്ണും ചരലും അടിഞ്ഞുകൂടി. ഒരു തോട് മുഴുവൻ മൂടി പോയി. ആ തോട് പഴയ പോലെ രൂപപ്പെടുത്തുകയും നിലവിലുള്ള തെങ്ങുകൾക്ക് തടമെടുക്കൽ, വാഴ, പച്ചക്കറി തൈകൾ നടൽ ആ സ്ഥലത്ത് ജൈവ സമ്പുഷ്ടമാക്കൽ എന്നിവ ലക്ഷ്യമിടുന്നു.

# മണ്ണിൽ ചവിട്ടിനിന്ന് കർഷകരെ സേവിക്കുന്ന കൃഷി ശാസ്ത്രജ്ഞരെയാണ് നാടിനാവശ്യം : കൃഷിമന്ത്രി.



മണ്ണിൽ ചവിട്ടി നിന്ന് കർഷകരെ സേവിക്കുന്ന കൃഷിശാസ്ത്രജ്ഞരെയാണ് നാടിനാവശ്യമെന്നും അത് അവരുടെ ഉത്തരവാദിത്വമാണെന്നും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി ശ്രീ. വി.എസ്.സുനിൽകുമാർ പറഞ്ഞു. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ അവസാന വർഷ ബിരുദ വിദ്യാർത്ഥികളുടെ ഗ്രാമീണ കാർഷിക പ്രവർത്തിപരിചയ പരിപാടിയുടെ ഭാഗമായിട്ടുള്ള കർഷക സമ്പർക്ക പരിപാടിയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കർഷകരുടെ ഭവനങ്ങളിൽ താമസിച്ച് അവരുടെ ദൈനംദിന കൃഷിചര്യകളെപ്പറ്റി അറിയുകയും പരമ്പരാഗത കൃഷിരീതികൾ, കോൾ കൃഷിരീതികൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്യുക എന്നതാണ് ദ്വിദിന കർഷക സമ്പർക്ക പരിപാടി കൊണ്ട് ഉദ്ദേശിക്കുന്നത്. സർവ്വകലാശാലയിൽ നിന്നും ലഭിച്ച വിജ്ഞാനത്തേക്കാൾ കൃഷിക്കാർ അധ്യാപകരായുള്ള കൃഷിയിടത്തിൽ നിന്നും ലഭിച്ച അറിവുകൾ ഭാവിയിൽ ഉപയോഗപ്പെടുത്തണമെന്ന് വിദ്യാർത്ഥികളോടായി മന്ത്രി പറഞ്ഞു. മനുരത്ന എന്ന പുതിയ ഇനം മൂപ്പ് കുറഞ്ഞ നെൽവിത്ത് കോൾ മേഖലയിൽ പരീക്ഷിച്ച് വിജയിച്ചതായും ശാസ്ത്രീയമായി പുനസംഘടിപ്പിച്ച് ഉല്പാദനത്തിൽ 50 ശതമാനം വർദ്ധന നടത്തി കോൾ മേഖല മാതൃക കാട്ടണമെന്നും അദ്ദേഹം പറഞ്ഞു. പൊക്കാളി ഇനങ്ങളായ ഏഴോം 1, ഏഴോം 2 എന്നിവ ഉപയോഗിച്ചുള്ള ശാസ്ത്രീയമായ ജൈവകൃഷിയിലൂടെ ഹെക്ടറിന് 50000 രൂപ നിരക്കിൽ അധികവരുമാനം നേടാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു. ഫലഭൂയിഷ്ഠമായ മണ്ണിന്റെ പ്രത്യേകത തൃശൂർ പൊന്നാനി കോൾ മേഖലയെ കേരളത്തിലെ പ്രധാന നെല്ലുല്പാദന മേഖലയാക്കി മാറ്റിയിട്ടുണ്ടെന്നും ശാസ്ത്രീയ പരിപാലനമുറകൾ അവലംബിച്ച് ഉല്പാദനം ഹെക്ടറിന് 10 ടൺ വരെ എത്തിക്കാൻ സാധിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ശ്രീമതി ഗീതാ ഗോപി എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ അന്തിക്കാട് പാന്തോട് കടവാരത്ത് ചേർന്ന ചടങ്ങിൽ കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു ആമുഖ പ്രഭാഷണം നടത്തി. അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പി.സി. ശ്രീദേവി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എ.വി. ശ്രീവൽസൻ, ജില്ലാ പഞ്ചായത്തംഗം ശ്രീമതി സിജി മോഹൻദാസ്, അന്തിക്കാട് പാടശേഖരസമിതി പ്രസിഡന്റ് ശ്രീ. സക്കീർ ഹുസൈൻ, ജില്ലാ കൃഷി ഓഫീസർ ശ്രീമതി എ.കല എന്നിവരുൾപ്പടെ വിവിധ ജനപ്രതിനിധികൾ, കൃഷി ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു. വെള്ളായണി കാർഷിക സർവ്വകലാശാല ഡീൻ ഡോ. എ.അനിൽകുമാർ സ്വാഗതവും വിദ്യാർത്ഥി പ്രതിനിധി ശ്രീമതി രേവതി.ബി.എസ്. നന്ദിയും പറഞ്ഞു.



ജില്ലാ കൃഷി ഓഫീസർ ശ്രീമതി പി. ഉഷ പദ്ധതി വിശദീകരണം നോത്തി.

ചടങ്ങിൽ മലമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഇന്ദിര രാമചന്ദ്രൻ അധ്യക്ഷയായിരുന്നു, പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിന്ദു എം. പി. ബ്ലോക്ക് പഞ്ചായത്ത് വൈസ്. പ്രസിഡന്റ് ശ്രീമതി കാഞ്ചന സുദേവൻ ടി.കെ, ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി ഗീത ടീച്ചർ, മലമ്പുഴ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി സാലി വർഗീസ്, ശ്രീമതി രാധാരമണി, ശ്രീമതി ഇ. വി കോമളം, ശ്രീ. കെ. രാജൻ, കൃഷി ഡെപ്യൂട്ടി ഡയറക്റ്റർ ശ്രീ. സുരേഷ് ബാബു, കൃഷി അസിസ്റ്റന്റ് ഡയറക്റ്റർ ശ്രീമതി ലക്ഷമീദേവി എസ് തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു. പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രം അസോസിയേറ്റ് പ്രൊഫസർ ഡോ.സുനിൽ മുകുന്ദൻ കർഷിക സെമിനാർ നയിച്ചു. ആത്മപ്രൊജക്റ്റ് ഡയറക്ടർ ശ്രീമതി സ്റ്റെല്ല ജേക്കബ് സ്വാഗതവും, കൃഷി ഓഫീസർ ശ്രീമതി പത്മജ പ്രഭാകരൻ നന്ദിയും രേഖപ്പെടുത്തി

# പ്രകൃതി സന്തുലനത്തിന്റെ ആഹ്വാനമരുളി ഹരിതവിദ്യാലയ പ്രഖ്യാപനം



വറ്റാത്ത ഉറവയ്ക്കായ് 'ജലസമൃദ്ധി' പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം കാട്ടാക്കട നിയോജക മണ്ഡലത്തിലെ എല്ലാ സ്കൂളുകളും ഹരിതവിദ്യാലയമായി പ്രഖ്യാപിക്കുന്ന ചടങ്ങ് കേരളപിറവി ദിനത്തിൽ കൃഷിമന്ത്രി ശ്രീ. വി.എസ്. സുനിൽകുമാർ പേയാട് സെന്റ് സേവിയേഴ്സ് സ്കൂളിൽ നിർവഹിച്ചു. നിയോജക മണ്ഡലം എം.എൽ.എ ശ്രീ. ഐ.ബി.സതീഷിന്റെ നേതൃത്വത്തി ലായിരുന്നു ചടങ്ങുകൾ. സ്കൂളിൽ കരനെൽകൃഷിയ്ക്ക് തുടക്കം കുറിച്ചുകൊണ്ടും പയർ, ചീര എന്നിവയുടെ വിളവെടുപ്പ്പു നടത്തിക്കൊണ്ടും നടന്ന പൊതു സമ്മേളനത്തിലായിരുന്നു പ്രഖ്യാപനം.

പ്രകൃതിയിലേക്കുള്ള മനുഷ്യന്റെ തിരിച്ചുവരവിനുള്ള ആഹ്വാനമായി പ്രഖ്യാപനത്തെ കാണണമെന്ന് കൃഷിമന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ സൂചിപ്പിച്ചു. മാറിവരുന്ന പ്രകൃതിദുരന്തങ്ങൾ ഒഴിവാക്കണമെങ്കിൽ പ്രകൃതി മൂലധനത്തിന്റെ ശോഷണം തടയേണ്ടതുണ്ട്. ജീവന്റെ ആധാരവും വരുംതലമുറയ്ക്കായുള്ള കരുതിവയ്പ്പുമാണ് പ്രകൃതി മൂലധനം. യുവതലമുറയിലൂടെ ഇവ സംരക്ഷിക്കുന്നതിനു നമുക്ക് കഴിയണം. വിദ്യാലയങ്ങളിൽ തന്നെ ഇത്തരം ഒരു സത്കർമ്മത്തിന് തുടക്കമിട്ടത് എന്തുകൊണ്ടും മഹനീയമാണെന്നു മന്ത്രി സൂചിപ്പിച്ചു.



ഹരിതകേരളം മിഷൻ വിഭാവനം ചെയ്യുന്ന വൃത്തി, വെള്ളം, വിളവ് എന്ന ആശയപൂർത്തിയ്ക്കായ് രണ്ടു വർഷം മുമ്പാണ് ജലസമൃദ്ധി പദ്ധതി നിയോജകമണ്ഡലത്തിൽ ആരംഭിച്ചത്. ദീർഘവീക്ഷണത്തോടെ ഒരു തലമുറയെ വളർത്തിയെടുക്കുകയാണ് ലക്ഷ്യമെന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ എം.എൽ.എ ശ്രീ. ഐ.ബി. സതീഷ് സൂചിപ്പിച്ചു. ഹരിതകേരളം മിഷൻ, സംസ്ഥാന ഭൂവിനിയോഗ ബോർഡ്, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ഹോർട്ടികൾച്ചർ മിഷൻ, കൃഷി വകുപ്പ് എന്നിവയുടെ സംയുക്തസംരംഭമായാണ് ഹരിതവിദ്യാലയങ്ങൾ രൂപീകരിക്കുന്നത്. സംസ്ഥാനത്ത് ആദ്യമായിട്ടാണ് ഒരു നിയോജക മണ്ഡലത്തിലെ മുഴുവൻ സ്കൂളുകളും ഇത്തരമൊരു പ്രവർത്തനവുമായി മുന്നോട്ടു പോകുന്നത്. സ്കൂളിൽ ലഭിക്കുന്ന മഴവെള്ളം പരമാവധി ശേഖരിച്ച് ഭൂഗർഭ ജലമാക്കിയും സൂകൂളുകളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ അതാതിടങ്ങളിൽ സംസ്കരിച്ചും കുട്ടികളിൽ കൃഷിയോടുള്ള താല്പര്യം ഉണ്ടാക്കിയും ഓരോ സ്കൂളും ഹരിത വിദ്യാലയമാക്കുന്നതിനാണ് പദ്ധതിയെന്നും എം.എൽ.എ അറിയിച്ചു.

ചടങ്ങിൽ വിളപ്പിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. അനിൽകുമാർ സ്വാഗതം പറഞ്ഞു. പ്രശസ്ത കവിയും വിക്ടേഴ്സ് ചാനൽ ഡയറക്ടറുമായ ശ്രീ. മുരുകൻ കാട്ടാക്കട വിദ്യാർത്ഥികൾക്കുള്ള മുള ബാസ്ക്കറ്റുകളുടെ വിതരണ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് എ.ഡി.പി ശ്രീമതി ജെസ്സിജോസഫ്, എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ശ്രീ. കെ.എം. ധരേശൻ ഉണ്ണിത്താൻ, നേമം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എൽ. ശകുന്തളകുമാരി, നേമം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. വിളപ്പിൽ രാധാകൃഷ്ണൻ, പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ശ്രീമതി ഗീത വി. നായർ, ഹരിതകേരള മിഷൻ പ്രതിനിധി ശ്രീമതി ഹരിപ്രിയ വി.വി., മണ്ണ് സംരക്ഷണ വകുപ്പ് പ്രതിനിധി ശ്രീ. റോയ് മാത്യു തുടങ്ങിയവർ പങ്കെടുത്തു. സെന്റ് സേവിയേഴ്സ് സ്കൂൾ പ്രിൻസിപ്പൽ ശ്രീ. റോയ് നന്ദിയും രേഖപ്പെടുത്തി.


| | | | |
|---|---|---|---|
| ചീഫ് എഡിറ്റർ | - ഗീത വി. നായർ | അസി. എഡിറ്റർ | - വിഷ്ണു എസ്.പി. |
| എഡിറ്റർ | - ബി.കെ. അനിൽ | ഫോട്ടോ | - അരുൺ |
| അസോസിയേറ്റ് എഡിറ്റർ | - ഡോ. ടി.വി. രാജേന്ദ്രലാൽ | ഡി.റ്റി.പി. & ലേ ഔട്ട് | - ദീപക് മൗത്താട്ടിൽ |

ഫോൺ : 0471 2317314, 2314358, 2318186, e-mail : fibtvm@gmail.com , mediadivisionfib@gmail.com

Published by G.S. Unnikrishnan Nair , Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala; Editor: B.K. Anil.